**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5433 — 24.05.2017-ൽ മറുപടിയ്ക്ക്

## രമൺ ശ്രീവാസ്തവയുടെ നിയമനം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ശ്രീ. രമൺ ശ്രീവാസ്തവയെ പോലീസിന്റെ ഉപദേശകനായിട്ടാണോ അതോ മുഖ്യമന്ത്രിയുടെ ഉപദേശകനായിട്ടാണോ നിയമിച്ചിട്ടുള്ളത്; | (എ) | ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ ഉപദേശകനായാണ് കേരള കേഡറിലെ മുൻ ഐ.പി.എസ്. ഉദ്യോഗസ്ഥനായ ശ്രീ. രമൺ ശ്രീവാസ്തവയെ നിയമിച്ചിട്ടുളളത്. |
| (ബി) | അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (ബി) | ശ്രീ. രമൺ ശ്രീവാസ്തവയ്ക്ക് ഓഫീസ് സൗകര്യം, പേഴ്സണൽ അസിസ്റ്റന്റ് എന്നിവയും അദ്ദേഹത്തിന് സംസ്ഥാനത്തിനുള്ളിലെ ഔദ്യോഗിക യാത്രകൾക്കായി പോലീസ് വകുപ്പിൽ നിന്നും ഡ്രൈവർ സഹിതം ടൊയോട്ടാ ഇന്നോവ കാറും, തിരുവനന്തപുരത്ത് സ്വന്തം വാഹനം ഉപയോഗിക്കുകയാണെങ്കിൽ പോലീസ് ഡ്രൈവറുടെ സേവനവും നൽകുന്നു. യാത്രാബത്ത, ദിനബത്ത തുടങ്ങിയവ ചീഫ് സെക്രട്ടറിക്ക് അനുവദനീയമായ നിരക്കിലായിരിക്കും. |
| (സി) | പോലീസ് വകുപ്പിൽ നിന്നും രണ്ട് ഡ്രൈവർമാരുടെ സേവനം അദ്ദേഹത്തിന് വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ അവരുടെ ശമ്പളമിനത്തിൽ പ്രതിമാസം എന്തു ചെലവുവരും; | (സി) | ശ്രീ. രമൺ ശ്രീവാസ്തവയുടെ സംസ്ഥാനത്തിനുള്ളിലെ ഔദ്യോഗിക യാത്രകൾക്കായി ഡ്രൈവർ സഹിതം ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് സ്വന്തം വാഹനം ഉപയോഗിക്കുമ്പോൾ ഒരു പോലീസ് ഡ്രൈവറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഈ രണ്ട് Dvr SCPO മാരുടെ പ്രതിമാസവേതനം ഏകദേശം 93,032/- രൂപയാണ്. |
| (ഡി) | ഡ്രൈവർമാരുടെ സേവനം ടൂറിസം വകുപ്പിൽ നിന്നോ ദിവസ വേതന ഇനത്തിലോ അനുവദിക്കുന്നത് പരിശോധിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | പരിശോധിക്കേണ്ടതായ സാഹചര്യം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ